# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 615      10/06/2014-ൽ മറുപടിക്ക്

### അട്ടപ്പാടി പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി. ശശി<br>ശ്രീ. കെ.അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്ക് പരമ്പരാഗതമായ കൃഷിയിറക്കാൻ എന്തെല്ലാം സഹായങ്ങളാണ് അട്ടപ്പാടി പാക്കേജിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | അട്ടപ്പാടി പാക്കേജ് എന്ന പേരിൽ പദ്ധതി പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>1. 2012-13 വർഷം കേരളാ സ്റ്റേറ്റ് വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ വഴി അട്ടപ്പാടിയിലെ പട്ടിവർഗ്ഗക്കാർക്ക് പച്ചക്കറി കൃഷി നടത്തുന്നതിന് ഒരു കോടി രൂപയുടെ പ്രോജക്ട് നടപ്പാക്കി.<br>2. 2013-14 വർഷം അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് റാഗി, ചോളം, നിലക്കടല, തെങ്ങ് തുടങ്ങിയവയും പച്ചക്കറി കൃഷിയും കൃഷി വകുപ്പ് മുഖേന നടത്തുന്നതിന് 3.08 കോടി രൂപ അനുവദിച്ചു. ഏകദേശം 800 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തി വരുന്നു.<br>3. 2013-14 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിലെ 50 പേർക്ക് ഉഴവുകാളകളേയും 65 പേർക്ക് കിടാരികളേയും, 128 പേർക്ക് ആട്ടുകളേയും വിതരണം ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്താതെ കൃഷിയിറക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ആദിവാസികൾക്ക് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി കാപ്പി കൃഷി നടത്തുന്നതിന് 90 പട്ടികവർഗ്ഗക്കാർക്ക് 13,000 രൂപ വീതം 11,70,000 രൂപയും, 24 പട്ടികവർഗ്ഗക്കാർക്ക് വാഴകൃഷിക്ക് 20,400 രൂപ വീതം 4,89,600 രൂപയും അനുവദിച്ചു. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി വഴി റബ്ബർ കൃഷി നടത്തുന്നതിന് 91,59,500 രൂപയും അനുവദിച്ചു. |
| (സി) | സഹായങ്ങളൊന്നും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | ഇല്ല; അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ ഐ.എ.എസ് (റിട്ട.) നെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ടുകൾ കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി നിർവ്വഹണം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ